800 ഏക്കർ വരുന്ന അഗ്രിക്കൾച്ചറൽ കായംകുളം കായൽ ഫാം എന്നു പറയുന്ന പ്രദേശമാണ്. ഇത് രണ്ടു വ്യത്യസ്തമായ പ്രദേശമാണെന്ന കാര്യത്തിൽ സംശയിക്കേണ്ട കാര്യമില്ല.

ശ്രീ. സ്റ്റീഫൻ പാദുവ: കൊച്ചിയിലുള്ള ഫിഷിംഗ് ഹാർബറിൽ കൂടുതൽ ബോട്ടുകൾ അടുക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ദയവുണ്ടാകുമോ?

ശ്രീ. എ.എൽ. ജേക്കബ്: ഇപ്പോഴത്തന്നെ കൂടുതൽ ബോട്ടുകൾ അവിടെ അടുക്കുന്നുണ്ട്. വേണമെങ്കിൽ കൂടുതലായി അതിനെപ്പറ്റി ചിന്തിക്കാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി

*475 [506] ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കെ. പുരുഷോത്തമൻ:
,, ടി. കെ. അറുമുഖൻ:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള:
,, ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി എന്നാണ് പുനഃസംഘടിപ്പിച്ചത്;

(ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനകം എന്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി 29-5-1984-ലെ ഗവ: ഉത്തരവ് നമ്പർ (എം.സ്.) 45/84/പ്ലാനിങ്ങ് അനുസരിച്ച് പുനഃസംഘടിപ്പിച്ചു.

(ബി) ശാസ്ത്ര സാങ്കേതിക വിദ്യകളെ മനുഷ്യക്ഷേമത്തിനായി ബോധപൂർവ്വം ഉപയോഗിക്കുകയെന്ന മൗലിക ലക്ഷ്യമാണ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിക്കുള്ളത്. ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങളെ പ്രോത്സാഹിപ്പിച്ച് വികസന യത്നങ്ങൾക്ക് ആക്കം കൂട്ടുക, ശാസ്ത്ര സാങ്കേതിക നയങ്ങളെ പദ്ധതികളിലൂന്നുന്ന വികസന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുത്തുക, ഗവൺമെൻറ്, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളിലും വകുപ്പുകളിലും മറ്റും നടക്കുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും രാജ്യത്തിൻറെ അടിയന്തിരാവശ്യങ്ങൾക്കായുള്ള ഗവേഷണങ്ങൾക്ക് കൂടുതൽ പ്രോൽസാഹനം നൽകുകയും ചെയ്യുക, ജനങ്ങളിൽ ശാസ്ത്രബോധം വളർത്തുക തുടങ്ങിയവയും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി), (ഡി) ഇതൊരു തുടർ പദ്ധതിയാണ്. ഗവേഷണ വികസന സ്ഥാപനങ്ങൾ, കമ്മിറ്റിയുടെ ശ്രമഫലമായി സ്ഥാപിച്ച് ഗവേഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിച്ചുവരുന്നു. സർവ്വകലാശാലകൾ, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും മറ്റും ചെറിയ തോതിലുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ചെറിയ തോതിലുള്ള ധനസഹായം നൽകുക, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സംരക്ഷണ മേഖലകളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും അവ നടത്തുന്ന സ്ഥാപനങ്ങൾക്ക് സഹായധനം നൽകുകയും ചെയ്യുക, പി.എച്ച്.ഡി. ബിരുദാനന്തര ഗവേഷണത്തിന് ഫെല്ലോഷിപ്പുകൾ നൽകുക, അന്താരാഷ്ട്ര ശാസ്ത്ര സമ്മേളനങ്ങളിൽ പ്രബന്ധങ്ങളവതരിപ്പിക്കുന്ന കേരളീയ ശാസ്ത്രജ്ഞൻമാർക്ക് ഭാഗികമായ യാത്രക്കൂലി സഹായം നൽകുക, സംസ്ഥാനത്തിന്റെ വികസന പ്രശ്നങ്ങളെക്കുറിച്ച് കാലികമായ ചർച്ചകളും പഠനങ്ങളും നടത്തുക തുടങ്ങിയ പല പദ്ധതികളും തുടർച്ചയായി നടത്തിപ്പോരുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സംബന്ധമായ വകുപ്പുകളിൽനിന്ന് ഗവേഷണത്തിനും, പ്രായോഗിക പരീക്ഷണങ്ങൾക്കും ലഭിക്കാവുന്ന സഹായങ്ങൾ കേരളീയ സ്ഥാപനങ്ങൾക്ക് നേടിക്കൊടുക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. നിശ്ചിത കാലയളവിൽ നടത്തുന്ന ഗവേഷണ പഠനങ്ങൾ പലതും പൂർത്തീകരിച്ച് അവയുടെ നിഗമനങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളേയും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളേയും അറിയിക്കുന്നുണ്ട്. ഇപ്പോൾ 100-ഓളം ഗവേഷണ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇവയെല്ലാം മൂന്നു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് ആസൂത്രണം ചെയ്തവയാണ്.

ജയിൽ പരിഷ്കരണം

*476 [507] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ജയിലുകൾ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) തടവുകാരുടെ ക്ഷേമത്തിന് ഉതകുന്ന നിലയിലുള്ളതും ജയിൽവകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുമായിട്ടുള്ള പല പദ്ധതികളും കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിൽ വരുത്തുന്നതിനും, ജയിൽ പരിഷ്കരണത്തെ സംബന്ധിച്ചുള്ള ആം ഇൻഡ്യാ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളെ ആധാരമാക്കിയും, വിഭവശേഷിക്കനുസൃതമായും പല പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള കരട് രൂപകം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly